പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6163 — 04.07.2019-ൽ മറുപടിയ്ക്ക്

## ഓഖി ദുരിതബാധിതരായ മത്സ്യത്തൊഴിലാളികളുടെ തൊഴിൽ പുനഃസ്ഥാപനം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.വി.എസ്.ശിവകുമാർ :** | | **ശ്രീമതി.ജെ.മേഴ്സിക്കുട്ടി അമ്മ**<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി) |
| (എ) | ഓഖി ദുരിതബാധിതരായ മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികളുടെ നിലവാരം ഉയർത്തുന്നതിനും തൊഴിൽ പുനഃസ്ഥാപനത്തിനുമായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്നറിയിക്കുമോ; | (എ) | ഓഖി ദുരിതബാധിതരായ മത്സ്യത്തൊഴിലാളികളുടെ ജീവനോപാധികളുടെ നിലവാരം ഉയർത്തുന്നതിനും തൊഴിൽ പുനസ്ഥാപനത്തിനുമായി നടപ്പിലാക്കി വരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>**a) ഓഖിയിൽ പൂർണ്ണമായും ഭാഗികമായും നശിച്ച മത്സ്യബന്ധനോപകരണങ്ങൾക്ക് നഷ്ടപരിഹാരം**<br>ഓഖിദുരന്തത്തിൽ മത്സ്യബന്ധനോപകരണങ്ങൾ നഷ്ടപ്പെട്ട 367 മത്സ്യത്തൊഴിലാളികൾക്ക് അഞ്ച് ഘട്ടങ്ങളിലായി 6.4797 കോടി രൂപ നഷ്ടപരിഹാരം അനുവദിച്ചു നൽകി.<br>**b) FRP ബോട്ട്**<br>ഓഖിദുരന്തത്തിൽ പൂർണ്ണമായും ഭാഗികമായും നഷ്ടപ്പെട്ട യാനത്തിൽ ജോലി ചെയ്തു വന്നിരുന്ന മത്സ്യത്തൊഴിലാളികൾക്ക് ജീവനോപാധി കണ്ടെത്തുന്നതിന് 120 FRP ബോട്ടുകൾ വിതരണം ചെയ്യാൻ തീരുമാനിക്കുകയും 9.88 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് അനുമതി നൽകുകയും ചെയ്തു. 120 FRP ബോട്ടുകൾക്ക് 1.94 കോടി രൂപ കേന്ദ്ര ധനസഹായം ബ്ലൂറവല്യൂഷനിൽ ഉൾ പ്പെടുത്തി ലഭ്യമായിട്ടുണ്ട്.<br>**c) ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും**<br>ഓഖി ദുരന്തത്തിൽ മരണപ്പെട്ട/കാണാതായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ വനിതകൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് ഉപയുക്തമാകുന്ന വിധത്തിൽ വിഴിഞ്ഞം ഹാർബർ കേന്ദ്രീകരിച്ച് ഒരു ആധുനിക സമുദ്ര ഭക്ഷ്യ സംസ്കരണ യൂണിറ്റും വിപണന ഔട്ട് ലെറ്റും നിർമ്മിക്കുന്നതിന് 400 ലക്ഷംരൂപ അടങ്കൽ വരുന്ന പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | **d) ദുരന്തത്തിൽ മരിച്ചവരുടെ/ കാണാതായവരുടെ വിധവകൾക്ക് തൊഴിൽദാന പദ്ധതി**<br>ഓഖിയിൽ മരണപ്പെടുകയും കാണാ താവുകയും ചെയ്ത മത്സ്യത്തൊഴിലാളികളുടെ വിധവകൾക്ക് (പത്താം തരത്തിൽ താഴെ വിദ്യാഭ്യാസമുള്ള വരും 40 വയസ്സിന് താഴെയുള്ളവരുമായ) മത്സ്യഫെഡിന്റെ മുട്ടത്തറയിലെ നെറ്റ് ഫാക്ടറിയിൽ ജോലി നൽകി. നിലവിൽ 32 പേർ ജോലി ചെയ്തു വരുന്നു. 10-ാം ക്ലാസ്സും അതിനു മുകളിലും വിദ്യാഭ്യാസയോഗ്യതയുള്ള 12 വിധവകൾക്ക് ജോലികൾ നൽകുന്ന കാര്യം പരിശോധിച്ചു വരുന്നു.<br>**e) തീരദേശ കോസ്റ്റൽ വാർഡൻ മാരുടെ നിയമനം.**<br>ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ തീരദേശമേഖലയിലെ മത്സ്യത്തൊഴിലാളി യുവാക്കളിൽ നിന്നും 200 പേരെ കോസ്റ്റൽ വാർഡൻമാരായി നിയമിക്കുന്നതിന് ആഭ്യന്തര വകുപ്പ് മുഖേന നടപടി സ്വീ കരിച്ചിട്ടുണ്ട്. ഇതിൽ 177 പേരുടെ നിയമന നടപടികൾ പൂർത്തിയായിട്ടുണ്ട്.<br>**f) കടൽ സുരക്ഷാ സ്ക്വാഡ്**<br>കടലിൽ അപകടത്തിൽപെടുന്ന മത്സ്യ ത്തൊഴിലാളികളെ രക്ഷിക്കുന്നതിനായി പ്രത്യേക പരിശീലനം നൽകി 900 കടൽ സുരക്ഷാ സ്ക്വാഡുകളെ നിയോഗിക്കുന്നതിന് 7.15 കോടി രൂപ അനുവദിച്ചു. ഗോവയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വാട്ടർ സ്പോർട്സിൽ നിന്നും ഇതുവരെ എട്ട് ബാച്ചുകളിലായി ഒൻപത് തീരദേശ ജില്ലകളിൽ നിന്നുള്ള 317 മത്സ്യ ത്തൊഴിലാളികൾ പരിശീലനം പൂർത്തീകരിച്ചു. |
| (ബി) | ഈ പദ്ധതിയിൻ കീഴിൽ എഫ്.ആർ.പി. ബോട്ടുകൾ വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) | 120 FRP ബോട്ടുകൾ വാങ്ങുന്നതിന് തീരുമാനിച്ചിട്ടുണ്ട്. 120 FRP ബോട്ടുകൾക്ക് 1.94 കോടി രൂപ ബ്ലൂറവല്യൂഷനിൽ ഉൾ പ്പെടുത്തി കേന്ദ്ര ധനസഹായമായി ലഭ്യമായിട്ടുണ്ട്. ബാക്കി ആവശ്യമായ 7.94 കോടിരൂപ ഓഖി ഫണ്ടിൽ നിന്നും അനുവദിച്ചിട്ടുണ്ട്. |
| (സി) | ഈ പദ്ധതിയിൻ കീഴിൽ വിഴിഞ്ഞം തുറമുഖത്ത് ആധുനിക സമഗ്ര ഭക്ഷ്യസംസ്കരണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; വെളിപ്പെടുത്തുമോ? | (സി) | ഓഖി ദുരന്തത്തിൽ മരണപ്പെട്ട/കാണാതായ മത്സ്യത്തൊഴിലാളികളുടെ ആശ്രിതരായ വനിതകൾക്ക് തൊഴിൽ കണ്ടെത്തുന്നതിന് ഉപയുക്തമാകുന്ന വിധത്തിൽ വിഴിഞ്ഞം ഹാർബർ കേന്ദ്രീകരിച്ച് ഒരു ആധുനിക സമുദ്ര |

| | | | |
|---|---|---|---|
| | | | ഭക്ഷ്യ സംസ്കരണയൂണിറ്റും വിപണന ഔട്ട് ലെറ്റും നിർമ്മിക്കുന്നതിന് 400 ലക്ഷം രൂപ അടങ്കൽ വരുന്ന പദ്ധതിക്ക് അനുമതി നൽകിയിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷനെ നിർമ്മാണ ചുമതല ഏൽപ്പിച്ചു. CIFT മായി ചർച്ച ചെയ്തു. പദ്ധതി രൂപകല്പന നടത്തി ടെൻഡർ നടപടികൾ പുരോഗമിച്ചു വരുന്നു. |

**സെക്ഷൻ ഓഫീസർ**